**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഡോ.കൃഷ്ണദാസ്.റ്റി, കൺസൽട്ടന്റ് - അധിക തസ്തികയിൽ ജോലിചെയ്ത കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ)നം. 1699/ 2018/ ആ.കു.വ തീയതി, തിരുവനന്തപുരം, 24.05.2018.

പരാമർശം:- 1) സ.ഉ(സാധാ) നം.2605/ 2014/ ആകുവ തീയതി 31.07.2014.

2) സ.ഉ (സാധ) നം.1367/ 2016/ ആകുവ തീയതി 10.05.2016

3) സ.ഉ (സാധ) നം.1004/ 2017/ ആകുവ തീയതി 05.04.2017.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.07.2017, 13.12.2017 എന്നീ തീയതികളിലെ ഇഎ 1-50765/ 2017/ ആവഡ നമ്പർ കത്ത്.

## ഉത്തരവ്

ഡോക്ടർ കൃഷ്ണദാസ്.റ്റി സർവീസ് കോട്ടയിൽ പി ജി പഠനം (ഡി.എം നെഫ്രോളജി) പൂർത്തിയാക്കിയശേഷം പാലക്കാട് ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗത്തിലുള്ള കൺസൾട്ടൻറ് തസ്തികയിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുകയും, 01.08.2014 ൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ പാലക്കാട് ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക, കോഴിക്കോട് ജനറൽ ആശുപത്രിയിലേക്ക് മാറ്റിയിരുന്നതിനാൽ, പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കൺസൾറ്റൻറ് (ജനറൽ മെഡിസിൻ) തസ്തികയിലേക്ക് മാറ്റി നിയമിക്കുകയുണ്ടായി. എന്നാൽ പാലക്കാട് ജില്ലാ ആശുപത്രിയിലെ നെഫ്രോളജി യൂണിറ്റ് കാര്യക്ഷമമാക്കി ഒ.പി, ഐ.പി വിഭാഗത്തിലെ കിഡ്നി രോഗികൾക്ക പൂർണതോതിലുള്ള സേവനം ലഭ്യമാകുകയും, ഡോ.കൃഷ്ണദാസിനെ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്താൽ നെഫ്രോളജി യൂണിറ്റിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് അറിയിക്കുകയും ചെയ്തു. സാഹചര്യത്തിൽ ടിയാനെ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലനിർത്തുന്നതിനായി പാലക്കാട് ജില്ലയിൽ നിന്ന് കോഴിക്കോട് ജനറൽ ആശുപത്രിയിലേക്ക ഷിഫ്റ്റ് ചെയ്ത കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക പുനഃസ്ഥാപിച്ച് പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ.കൃഷ്ണദാസിനെ ടി തസ്തികയിൽ നിയമിക്കുകയും ചെയ്ത് ഉ

2) അനുവദിക്കപ്പെടാത്ത തസ്തികയിൽ ജോലി ചെയ്ത ഡോക്ടർ കൃഷ്ണദാസിന്റെ **01.08.2014 മുതൽ 04.04.2017** വരെയുള്ള (തസ്തിക പുന:സ്ഥാപിക്കുന്നതുവരെയുള്ള കാലയളവ്) ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിനും ടി കാലയളവിലെ സേവനം ക്രമപ്പെടുത്തണമെന്നും 1.8.2014 മുതൽ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കൺസൾറ്റന്റ് (ജനറൽ മെഡിസിൻ) തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 4 ലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡോ.കൃഷ്ണദാസ്.റ്റി, പാലക്കാട് ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച 01.08.2014 മുതൽ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിന്നും കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക പാലക്കാട് ജില്ലാ ആശുപത്രിയിൽ പുന:സ്ഥാപിക്കുന്നതിന് തൊട്ടു മുന്നെയുള്ള ദിവസമായ 04.04.2017 വരെ, പൊന്നാനി താലൂക്കാസ്ഥാന ആശുപത്രിയിലെ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടും ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.റ്റി.കൃഷ്ണദാസ് നിലവിലില്ലാത്ത തസ്തികയിൽ ജോലി ചെയ്ത 01.08.2014 മുതൽ 04.04.2017 വരെയുള്ള കാലയളവ് ക്രമപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സരിത.ഡി,**
**ഡെപ്യൂട്ടി സെക്രട്ടറി.**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ആഫീസർ, പാലക്കാട് / കോഴിക്കോട്.
ഡോ.കൃഷ്ണദാസ്.റ്റി, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (21.05.2018-ലെ 592358/H&L-B1/158/2017-FIN റിമാർക്സ് പ്രകാരം)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം: ഇ.എ1-50765/2017/ആവഡ തീയതി 1/6/2018
അറിവിലേക്കും തുടർനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

1/6/18

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി